File No.LSGD-FM2/155/2021-LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ല -വിളയൂർ ഗ്രാമ പഞ്ചായത്ത് കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസ് കെട്ടിട വാടക തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്

സ.ഉ.(സാധാ) നം.2133/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 29/10/2021

---

പരാമർശം:-

1. 04/04/2020 ലെ സ.ഉ(സാധാ.)നം.40/2020/തസ്വഭവ
2. വിളയൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച 8-7-21 ലെ A3/1734/18 നമ്പർ അപേക്ഷ
3. പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ച 25/08/2021 ലെ PAN/9687/2021-G1(DP) നമ്പർ കത്ത്

<u>ഉത്തരവ്</u>

പാലക്കാട് ജില്ലയിലെ വിളയൂർ ഗ്രാമ പഞ്ചായത്തിൽ നിലവിൽ പ്രവർത്തിച്ച് വരുന്ന കെ.എസ്.ഇ.ബി യുടെ വിളയൂർ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് കെട്ടിടം പഞ്ചായത്ത് വാടകയ്ക്ക് എടുത്ത് നൽകിയ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് .പരാമർശം (1) ഉത്തരവ് പ്രകാരം 01/08/2019 മുതൽ 2 വർഷത്തേക്ക് പ്രസ്തുത കെട്ടിടത്തിന് വാടക അനുവദിച്ച് ഉത്തരവായിരുന്നു.PWD നിശ്ചയിക്കുന്ന നിരക്കിൽ തുടർന്ന് രണ്ട് വർഷത്തേക്ക് കൂടിയോ , പുതിയ സെക്ഷൻ ഓഫീസ് കെട്ടിടം പണി പൂർത്തീകരിക്കുന്നത് വരേയോ ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് കെട്ടിട വാടക അനുവദിക്കുന്നതിനുള്ള അനുമതിക്കായി ഭരണസമിതി തീരുമാനപ്രകാരം സമർപ്പിച്ച അപേക്ഷ അനുകൂല നടപടികൾക്കായി പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം ശുപാർശ ചെയ്ത്, സമർപ്പിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട് ജില്ലയിലെ വിളയൂർ ഗ്രാമ പഞ്ചായത്തിൽ ശ്രീ.അബ്ദുൾഖാദർ,വെങ്ങാലിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ നിലവിൽ പ്രവർത്തിച്ച് വരുന്ന കെ.എസ്.ഇ.ബി യുടെ വിളയൂർ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് തുടർന്ന് പ്രവർത്തിപ്പിക്കുന്നതിന് , 05-08-2021 മുതൽ രണ്ട് വർഷത്തേക്ക് കൂടിയോ ,പുതിയ സെക്ഷൻ ഓഫീസ് കെട്ടിടം പണി പൂർത്തീകരിക്കുന്നത് വരേയോ ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് PWD നിശ്ചയിക്കുന്ന നിരക്കിൽ കെട്ടിട വാടക അനുവദിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Ganga G R
അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
സെക്രട്ടറി,വിളയൂർ ഗ്രാമ പഞ്ചായത്ത്
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by M.k.pradeesh
Kumar
Date: 18-11-2021 14:57:39
സെക്ഷൻ ഓഫീസർ Reason: Approved